സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാള്യം: 62 ലക്കം: 153 2026 സെപ്തംബർ 08 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സൗദി നഗരങ്ങളിൽ ഹൂതി ആക്രമണം: 73 പൗരന്മാർക്ക് പരിക്കേറ്റതായി സഖ്യസേന

സൻആ: സൗദിയുടെ വിവിധ നഗരങ്ങളിൽ ആക്രമണവുമായി ഹൂതികൾ. സംഭവത്തിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 73 പൗരന്മാർക്ക് പരിക്കേറ്റതായി സഖ്യസേന അറിയിച്ചു. രാജ്യത്തിന്റെ തെക്കൻ പ്രവിശ്യകളിലെ സിവിലിയൻ, സാമ്പത്തിക കേന്ദ്രങ്ങൾ ലക്ഷ്യമിട്ടാണ് ആക്രമണങ്ങളെന്ന് സഖ്യസേന വക്താവ് മേജർ ജനറൽ തുർകി അൽ മലികി പ്രസ്താവനയിൽ പറഞ്ഞു. അബഹ, ഖമീസ് മുശൈത്, ജസാൻ, നജ്റാൻ എന്നിവിടങ്ങളിലാണ് ആക്രമണങ്ങൾ നടന്നത്. എന്നാൽ ആക്രമണങ്ങൾ എപ്പോഴാണ് നടന്നതെന്ന കാര്യത്തിൽ വ്യക്തത വന്നിട്ടില്ല. സൗദിയുടെ പരമാധികാരത്തിന്മേലുള്ള ഗുരുതരമായ ലംഘനമാണ് ഈ ആക്രമണങ്ങളെന്ന് അൽ മലികി വിശേഷിപ്പിച്ചു. രാജ്യത്തെ പൗരന്മാരുടെയും താമസക്കാരുടെയും സുരക്ഷക്ക് ഇത് നേരിട്ടുള്ള ഭീഷണിയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മാസപ്പടി കേസിൽ നിർണായക നീക്കവുമായി ഇഡി

പിണറായിക്കും റിയാസിനുമെതിരെ ഉടൻ കേസെടുക്കണം

തിരു : പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മകൾ വീണാ വിജയൻ, മരുമകനും എംഎൽഎയുമായ മുഹമ്മദ് റിയാസ് എന്നിവർക്കെതിരെ കേസെടുക്കണമെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി). അഴിമതി നിരോധന നിയമപ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്യാനാണ് ഡിജിപിക്ക് നൽകിയ കത്തിൽ പറയുന്നത്. മാസപ്പടി കേസുമായി ബന്ധപ്പെട്ട് നടത്തിയ റെയ്ഡിൽ ഇഡി കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിലാണ് നീക്കം.

ഇഡി കണ്ടെത്തിയ തെളിവുകൾ സംസ്ഥാന പൊലീസ് മേധാവിക്ക് കൈമാറിയെന്നാണ് വിവരം. നിലവിൽ വീണാ വിജയനെതിരായ കേസ് മാത്രമാണ് ഇഡി അന്വേഷിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ മാസപ്പടി ലഭിച്ചതിന്റെ ഗുണഭോക്താക്കളാണ് മുഹമ്മദ് റിയാസും പിണറായി വിജയനും എന്ന് കണ്ടെത്തി. മാസപ്പടി കേസിൽ ഇവരെ പ്രതിചേർക്കാൻ ഇഡിക്ക് കഴിയില്ല. അതിനാലാണ് മറ്റൊരു കേസെടുക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

85 ലക്ഷത്തിന്റെ ഹവാല ഇടപാട്

വീണാ വിജയൻ ഹവാല ഇടപാടുകൾ നടത്തിയതായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നേരത്തേ കണ്ടെത്തിയിരുന്നു. വീണയുടെ ഡയറിയിൽ 20.05 കോടിയുടെ ഇടപാടുകളും, 85 ലക്ഷം രൂപ ദുബായിലേക്ക് അയച്ചതിന്റെ വിവരങ്ങളുമുണ്ടെന്ന് ഇഡി വാർത്താക്കുറിപ്പിൽ അറിയിച്ചിരുന്നു. സിഎംആർഎൽ കമ്പനിയിൽ നിന്ന് നൽകാത്ത സേവനങ്ങൾക്ക് പണം പറ്റിയെന്ന അന്വേഷണത്തിൽ കോഴിക്കോട് ഒമ്പത് കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിന് പിന്നാലെയാണ് ഇഡി വാർത്താക്കുറിപ്പ് ഇറക്കിയത്.

മേയ് 27ന് വീണയിൽ നിന്ന് പിടിച്ചെടുത്ത രേഖകളിലാണ് വീണ കൈപ്പടയിലെഴുതിയ കണക്കുകളുള്ളത്. പണം കൈകാര്യം ചെയ്തവരുടെയും കൈമാറിയവരുടെയും പേരുകളും ദുബായിലേക്ക് അയച്ചതിന്റെ വിവരങ്ങളും ഇതിലുണ്ട്. യുഎഇ, ഇന്ത്യൻ കറൻസികളുടെ കണക്കുകൾ.

ഇന്റർനെറ്റ് കോളുകൾക്ക് വേണ്ടി വീണ സ്വന്തം പേരിലല്ലാത്ത സിം കാർഡ്, വൈഫൈ റൗട്ടറിലൂടെ ഉപയോഗിച്ചു.വീണയുടെ കുറിപ്പുകളിൽ പറയുന്നവരുടെ വീടുകളിലും ഇഡി റെയ്ഡ് നടത്തി.

ഈ റെയ്ഡിലും നിരവധി ഡിജിറ്റൽ ഉപകരണങ്ങൾ പിടിച്ചെടുത്തിരുന്നു. 15 വർഷത്തിനിടെ സിഎംആർഎൽ 182 കോടിയുടെ ദുരൂഹ ചെലവുകൾ നടത്തിയെന്നായിരുന്നു കണ്ടെത്തൽ.

വീണയുടെ കമ്പനിയായ എക്സലോജിക് സൊല്യൂഷൻസിന് 2.78 കോടിയും ഇതിൽ ഉപയോഗിച്ചു.

തിരുവോണം ബംബറിൽ കോളടിച്ച് സർക്കാർ

കാഞ്ഞങ്ങാട്: തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ വില്പനയിൽ റെക്കോർഡ്. ഇതുവരെ 59 ലക്ഷം ടിക്കറ്റുകൾ തീർന്നു. ഒന്നാം സമ്മാനം 30 കോടി രൂപയാണ്. 500 രൂപയാണ് ടിക്കറ്റ് വില. ഏജന്റുമാർ ഒരു ടിക്കറ്റിന് സർക്കാരിന് നൽകേണ്ടത് 390 രൂപയും 28 ശതമാനം ജി.എസ്.ടി.യുമാണ്. 390 രൂപ പ്രകാരം കൂട്ടിയാൽ തന്നെ സർക്കാരിന് ഇതുവരെ ലഭിച്ചത് 230.10 കോടി രൂപ.

സമ്മാനത്തുകയായി ആകെ നൽകേണ്ടത് 125.54 കോടി രൂപയാണ്. ഏജൻസി കമ്മീഷൻ ഇനത്തിൽ 12.55 കോടി രൂപയും നീക്കിവയ്ക്കണം. നറുക്കെടുപ്പിന് ഇനിയും 18 ദിവസം ബാക്കിയുണ്ട്. 2022 ലാണ് തിരുവോണം ബമ്പറിന് 500 രൂപയാക്കുകയും ഒന്നാം സമ്മാനം 25 കോടി രൂപയാക്കുകയും ചെയ്തത്. 2021 ൽ ഒന്നാം സമ്മാനം 12 കോടി രൂപയും ടിക്കറ്റ് വില 300 രൂപയുമായിരുന്നപ്പോൾ ആകെ വിറ്റത് 54 ലക്ഷം ടിക്കറ്റുകളാണ്. തൊട്ടടുത്ത വർഷം ഒന്നാം സമ്മാനത്തുക ഇരട്ടിയിലധികമാക്കിയപ്പോൾ വലിയ സ്വീകാര്യത ലഭിച്ചു. ആ വർഷം ആകെ അച്ചടിച്ച 67.50 ലക്ഷം ടിക്കറ്റുകളിൽ 66.55 ലക്ഷവും വിറ്റു.

2023 ൽ 85 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുകയും 75.76 ലക്ഷം ടിക്കറ്റുകൾ വിൽക്കുകയും ചെയ്തു. പത്തു ലക്ഷത്തോളം ടിക്കറ്റുകൾ ബാക്കിയായതിനാൽ തൊട്ടടുത്ത വർഷമായ 2024 ൽ 80 ലക്ഷം ടിക്കറ്റുകളേ അടിച്ചുള്ളൂ. ആ വർഷവും പ്രതീക്ഷിച്ചത്ര ടിക്കറ്റുകൾ വിറ്റില്ല. എട്ടര ലക്ഷത്തോളം ടിക്കറ്റുകൾ ബാക്കിയായി. കഴിഞ്ഞ വർഷം ടിക്കറ്റുകൾ അച്ചടിക്കുന്നത് വീണ്ടും കുറച്ച് 75 ലക്ഷമാക്കി. അത് മുഴുവനും വിറ്റു. ഇത്തവണ ടിക്കറ്റ് നിരക്കിൽ മാറ്റമൊന്നും വരുത്താതെയാണ് 30 കോടി രൂപ ഒന്നാം സമ്മാനമാക്കിയത്.

രണ്ടാം സമ്മാനം 20 പേർക്ക് ഒരു കോടി രൂപ വീതം നൽകും. മൂന്നാം സമ്മാനം കാൽക്കോടി രൂപയാണ്. ഇതും 20 പേർക്കുണ്ട്. ആകെ 5,34,670 സമ്മാനങ്ങൾ. ഈ മാസം 26-നാണ് നറുക്കെടുപ്പ്. അവസാനത്തെ ഒന്നോ രണ്ടോ ആഴ്ചകളിലാണ് വൻതോതിൽ ടിക്കറ്റുകൾ വിറ്റുപോകുക. മാത്രമല്ല, ഇക്കുറി ഓണക്കാലത്ത് ഇടയ്ക്കിടെ മഴയായിരുന്നു. ആ ദിവസങ്ങളിൽ കുറവ് വന്ന വില്പന ഇനിയുള്ള ദിവസങ്ങളിലുണ്ടാകുമെന്ന് ഏജന്റുമാർ പറയുന്നു.

വിജയ്യുടെ പരാമർശത്തിൽ നിയമസഭയിൽ കയ്യാങ്കളി; ഡിഎംകെ എംഎൽഎമാരെ പുറത്താക്കി

ചെന്നൈ: ഡിഎംകെ നേതൃത്വത്തിനെതിരെ മുഖ്യമന്ത്രി സി. ജോസഫ് വിജയ് നടത്തിയ അഴിമതി ആരോപണങ്ങളെച്ചൊല്ലി തമിഴ്നാട് നിയമസഭയിൽ കനത്ത സംഘർഷവും പ്രതിഷേധവും. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കണ്ടെത്തലുകളും സർക്കാരിയ കമീഷൻ റിപ്പോർട്ടും ഉദ്ധരിച്ച് ഡിഎംകെയ്ക്കെതിരെ മുഖ്യമന്ത്രി നടത്തിയ പരാമർശങ്ങൾ സഭാ രേഖകളിൽ നിന്ന് നീക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ചതോടെ സഭ പ്രക്ഷുബ്ധമായി. തുടർന്ന് സ്പീക്കറുടെ നിർദ്ദേശപ്രകാരം ഡിഎംകെ എംഎൽഎമാരെ മാർഷൽമാരെ ഉപയോഗിച്ച് സഭയിൽ നിന്ന് ബലംപ്രയോഗിച്ച് പുറത്താക്കി.

ഇന്ന് രാവിലെ സഭ ചേർന്നയുടൻ ഡിഎംകെ ചീഫ് വിപ്പ് എ.വി. വേലുവിന്റെ നേതൃത്വത്തിലാണ് വിഷയം ഉന്നയിച്ചത്. ഇ.ഡി ആരോപണങ്ങളും സർക്കാരിയ കമീഷൻ പരാമർശങ്ങളും സഭയിൽ ഉന്നയിച്ചത് നിയമസഭാ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും ഇവ രേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ ഡിഎംകെയുടെ ഈ ആവശ്യം സ്പീക്കർ ജെ.സി.ഡി പ്രഭാകർ തള്ളി. മുൻപ് പലതവണ സഭയിൽ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങൾ തന്നെയാണ് മുഖ്യമന്ത്രിയും പരാമർശിച്ചതെന്നും, അതുകൊണ്ട് പരാമർശങ്ങൾ നീക്കേണ്ടതില്ലെന്നും സ്പീക്കർ വ്യക്തമാക്കി.

ഇതിന് പിന്നാലെ ഡിഎംകെ എംഎൽഎമാർ സർക്കാരിനെതിരെ മുദ്രാവാക്യം വിളികളുമായി നടുത്തളത്തിലേക്ക് ഇരച്ചെത്തി ബഹളം വെച്ചു. മുഖ്യമന്ത്രിയുടെ പ്രസംഗം ഒരു മിനിറ്റ് പോലും കേൾക്കാൻ പ്രതിപക്ഷം തയ്യാറായില്ലെന്ന് സ്പീക്കറും ഭരണപക്ഷവും കുറ്റപ്പെടുത്തി. ഭരണപക്ഷത്തിന് പറയാനുള്ളത് കേൾക്കാൻ തയ്യാറാകാതെ തങ്ങളുടെ വാദം മാത്രം അടിച്ചേൽപ്പിക്കാനാണ് ഡിഎംകെ ശ്രമിക്കുന്നതെന്ന് ഭരണകക്ഷി നേതാക്കൾ ആരോപിച്ചു. ഇ.ഡി രേഖകളും സർക്കാരിയ കമ്മീഷൻ കണ്ടെത്തലുകളും ഔദ്യോഗിക രേഖകളാണെന്നും മുഖ്യമന്ത്രിയുടെ നിലപാട് ശരിയാണെന്നും നിയമമന്ത്രി ആർ. നിർമൽ കുമാർ സഭയിൽ വിശദീകരിച്ചു.

കഴിഞ്ഞ ദിവസമാണ് പാർട്ടി ഫണ്ടിന്റെ പേരിൽ ഡിഎംകെ വൻ അഴിമതി നടത്തിയതായി മുഖ്യമന്ത്രി വിജയ് സഭയിൽ ആരോപിച്ചത്. മുൻ മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ, പ്രതിപക്ഷ നേതാവ് ഉദയനിധി സ്റ്റാലിൻ, മുൻ മന്ത്രി സെന്തിൽ ബാലാജി എന്നിവർക്കെതിരെ ഇ.ഡി അന്വേഷണ റിപ്പോർട്ടുകളിൽ ഗുരുതര ആരോപണങ്ങളുണ്ടെന്ന് വിജയ് പറഞ്ഞിരുന്നു. കൂടാതെ, മുൻ മുഖ്യമന്ത്രി എം. കരുണാനിധി അധികാരം ദുർവിനിയോഗം ചെയ്തതായി സർക്കാരിയ കമ്മീഷൻ റിപ്പോർട്ട് വ്യക്തമാക്കിയിട്ടുണ്ടെന്നും അദ്ദേഹം സഭയിൽ ആരോപിച്ചിരുന്നു. ഇതാണ് ഡിഎംകെയെ പ്രകോപിപ്പിച്ചത്. സഭയിൽ നിന്ന് പുറത്താക്കപ്പെട്ട ശേഷവും എംഎൽഎമാർ നിയമസഭാ കവാടത്തിന് പുറത്ത് സർക്കാരിനെതിരെ ശക്തമായ മുദ്രാവാക്യം വിളി തുടർന്നതോടെ സഭാ പരിസരം നാടകീയ രംഗങ്ങൾക്ക് വേദിയായി.

സഭയിൽ നിന്ന് പുറത്താക്കപ്പെട്ട ശേഷം മാധ്യമങ്ങളോട് സംസാരിച്ച പ്രതിപക്ഷ നേതാക്കൾ സർക്കാരിനെതിരെ രൂക്ഷ വിമർശനമാണ് ഉന്നയിച്ചത്. പ്രതിപക്ഷത്തിന്റെ വായ മൂടിക്കെട്ടാനും ജനാധിപത്യപരമായ ചോദ്യംചെയ്യലുകളെ ഭയന്നാണ് ഭരണപക്ഷം ഇത്തരം അടിച്ചമർത്തൽ നടപടികളിലേക്ക് കടക്കുന്നതെന്ന് ഡിഎംകെ കുറ്റപ്പെടുത്തി. അടിസ്ഥാനരഹിതമായ അന്വേഷണ ഏജൻസികളുടെ റിപ്പോർട്ടുകളും പതിറ്റാണ്ടുകൾക്ക് മുൻപുള്ള കാര്യങ്ങളും ഉയർത്തിക്കാട്ടി ജനക്ഷേമ വിഷയങ്ങളിൽ നിന്ന് സഭയുടെ ശ്രദ്ധ തിരിക്കാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്. ഭരണകൂട ഭീകരതയ്ക്കും ജനാധിപത്യവിരുദ്ധ നടപടികൾക്കുമെതിരെ ശക്തമായ നിയമപോരാട്ടവും തെരുവിലിറങ്ങിയുള്ള ജനകീയ പ്രക്ഷോഭങ്ങളും സംഘടിപ്പിക്കുമെന്നും അവർ മുന്നറിയിപ്പ് നൽകി.

സിനിമയിൽ നിന്ന് രാഷ്ട്രീയത്തിലെത്തി ചുരുങ്ങിയ കാലംകൊണ്ട് ഭരണതലപ്പത്തെത്തിയ വിജയിയും പ്രധാന പ്രതിപക്ഷമായ ഡിഎംകെയും തമ്മിലുള്ള തുറന്ന രാഷ്ട്രീയ യുദ്ധമാണ് നിയമസഭയിലെ അസാധാരണ രംഗങ്ങളിലൂടെ പുറത്തുവന്നത്. ഡിഎംകെയുടെ അഴിമതി രാഷ്ട്രീയത്തെ നേരിടാൻ തങ്ങൾക്ക് യാതൊരു മടിയുമില്ലെന്നും ഭരണപക്ഷത്തിന്റെ ഓരോ നീക്കത്തിനും ശക്തമായ മറുപടി ഉണ്ടാകുമെന്നുമാണ് ഭരണകക്ഷി എംഎൽഎമാരുടെ നിലപാട്. സഭാ സമ്മേളനത്തിന്റെ വരും ദിവസങ്ങളിലും ഈ വാക്പോര് കൂടുതൽ രൂക്ഷമാകുമെന്ന് ഉറപ്പായതോടെ, തമിഴ്നാട് നിയമസഭ വരുംദിവസങ്ങളിൽ വലിയ രാഷ്ട്രീയ ഏറ്റുമുട്ടലുകൾക്ക് സാക്ഷ്യം വഹിക്കുമെന്ന് വ്യക്തമായിക്കഴിഞ്ഞു.

നിയമസഭയെ സംശയത്തിൻറെ നിഴലിൽ നിർത്തരുത്"; രമ്യയ്ക്കെതിരെ തിരുവഞ്ചൂർ രാധാകൃഷ്ണൻ

തിരു: നിയമസഭയിൽ തെറ്റായ വിവരം നൽകി പാളയം പ്രദീപിനെ സ്റ്റാഫ് ആക്കാനുള്ള വഴിവിട്ട നീക്കത്തിൽ രമ്യ ഹരിദാസിന് എതിരെ വിമർശനവുമായി സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. നിയമസഭയെ വിവാദങ്ങളിലേക്ക് വലിച്ചിഴക്കരുതെന്നും തന്റെ ഓഫീസിനെ സംശയത്തിന്റെ നിഴലിൽ നിർത്തരുതെന്നും സ്പീക്കർ പറഞ്ഞു. രമ്യ ഹരിദാസിന്റെ കത്ത് ലഭിച്ചിട്ടില്ലെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ വ്യക്തമാക്കി.

പാളയം പ്രദീപിനെ വളഞ്ഞവഴിയിൽ സ്റ്റാഫാക്കാൻ ശ്രമിച്ച രമ്യ ഹരിദാസിന്റെ നീക്കത്തിൽ കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫും അതൃപ്തി രേഖപ്പെടുത്തി. ഇങ്ങനെ കത്ത് നൽകിയത് അഭികാമ്യമല്ല. വിഷയം എം.എം.ഹസ്സന്റെ നേതൃത്വത്തിൽ പരിശോധിക്കുന്നുണ്ടെന്നും സണ്ണി ജോസഫ് തിരുവനന്തപുരത്ത് പറഞ്ഞു.

രമ്യ ഹരിദാസ് പാർട്ടിക്ക് വിധേയമായിരിക്കണമെന്നും പാർട്ടി പുറത്താക്കിയയാൾ പാർട്ടിക്ക് പുറത്താണെന്നും മന്ത്രി കെ.മുരളീധരനും ചൂണ്ടിക്കാട്ടി. വിഷയത്തിൽ രമ്യ ഹരിദാസിൽ നിന്ന് കെപിസിസി വിശദീകരണം തേടും.

ചൂടിന് ആശ്വാസമായി മഴയെത്തുന്നു

തൃശ്ശൂർ: സംസ്ഥാനത്ത് കടുത്ത ചൂടിന് ആശ്വാസമായി മഴയെത്തുന്നു. വരുന്ന വ്യാഴാഴ്ച മുതൽ കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. വ്യാഴാഴ്ച രണ്ട് ജില്ലകളിലാണ് യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.

വീട്ടമ്മ ജീവനൊടുക്കിയ നിലയിൽ

തൃശ്ശൂർ: ചാലക്കുടി മേലൂരിൽ വീട്ടമ്മയെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തി. ഗ്യാസ് സിലിണ്ടർ തുറന്നു തീകൊളുത്തിയ നിലയിലാണ് കണ്ടെത്തിയത്. മേലൂർ കിഴക്കിനിയേടത്ത് ജിബിന്റെ ഭാര്യ മിനു (37) ആണ് മരിച്ചത്.

സി.എൻ.ജിയും ഹൈബ്രിഡും ഇ.വിയും ചേർന്നപ്പോൾ തകർന്നത് പെട്രോൾ ആധിപത്യം; ചരിത്രം തിരുത്തി വാഹന വിപണി

ന്യൂഡൽഹി: ഇന്ത്യയുടെ വാഹന വിപണിയുടെ ചരിത്രത്തിൽ ആദ്യമായി പെട്രോൾ വാഹനങ്ങളുടെ വിൽപ്പനയെ മറികടന്ന് ഇതര ഇന്ധനങ്ങളിലുള്ള വാഹനങ്ങൾ. സി.എൻ.ജി, ഹൈബ്രിഡ്, ഇലക്ട്രിക് പവർട്രെയിനുകളിലുള്ള വാഹനങ്ങളുടെ ഓഗസ്റ്റ് മാസത്തെ വിൽപ്പനയാണ് പെട്രോൾ പാസഞ്ചർ വാഹനങ്ങളുടെ വിൽപ്പനയ്ക്ക് മുകളിൽ എത്തിയിരിക്കുന്നത്. പെട്രോൾ വാഹനങ്ങൾ 40.85 ശതമാനം വിപണി വിഹിതം നേടിയപ്പോൾ ഇതര ഇന്ധനങ്ങളിലുള്ള വാഹനങ്ങൾ 41.95 ശതമാനം വിപണി വിഹിതം സ്വന്തമാക്കി.

2026 ഓഗസ്റ്റ് മാസത്തിലെ പാസഞ്ചർ വാഹന വിൽപ്പനയിൽ 17.51 ശതമാനത്തിന്റെ വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2025 ഓഗസ്റ്റിലെ 20.65 ലക്ഷത്തിൽനിന്ന് 24.23 ലക്ഷമായാണ് ഇത്തവണ വിൽപ്പന ഉയർന്നത്. അതേസമയം, ജൂലായിലെ 25.91 ലക്ഷത്തിൽ നിന്ന് 6.48 ശതമാനം കുറവും രേഖപ്പെടുത്തിയിട്ടുണ്ട്. കാറുകൾ, ഇരുചക്രവാഹനങ്ങൾ, മുച്ചക്രവാഹനങ്ങൾ, വാണിജ്യ വാഹനം എന്നിവയിലെല്ലാം വിൽപ്പനവളർച്ച രേഖപ്പെടുത്തിയതായി ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് (ഫാഡ) പ്രസിഡന്റ് സായി ഗിരിധർ വ്യക്തമാക്കി.

ഭൂരിഭാഗം വാഹനവിഭാഗങ്ങളിലും പെട്രോളിന്റെ വിഹിതം കുറയുകയാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇരുചക്രവാഹനവിഭാഗത്തിൽ 89.23 ശതമാനവും ഇപ്പോഴും പെട്രോൾ അല്ലെങ്കിൽ എഥനോൾ ഇന്ധനമായുള്ളവയാണ്. അതേസമയം, മുൻവർഷത്തെ 92.10 ശതമാനത്തിൽനിന്ന് കുറവുണ്ടായി. വൈദ്യുത വാഹനങ്ങളുടെ വിഹിതം മുൻവർഷത്തെ 7.66 ശതമാനത്തിൽനിന്ന് 10.68 ശതമാനമായി കൂടുകയും ചെയ്തു.

കഴിഞ്ഞ ഓഗസ്റ്റ് മാസത്തിലെ കണക്ക് അനുസരിച്ച് പെട്രോൾ വാഹനങ്ങളെക്കാൾ 11 ശതമാനം കുറവായിരുന്നു സി.എൻ.ജി, ഹൈബ്രിഡ്, ഇലക്ട്രിക് എന്നിവ ഉൾപ്പെടുന്ന ഇതര ഇന്ധനങ്ങളിലുള്ള വാഹനങ്ങളുടെ വിപണി വിഹിതം. അതേസമയം, ജൂലായ് മാസത്തെ അപേക്ഷിച്ച് വിൽപ്പന കുറഞ്ഞത് ഉപയോക്താക്കൾ ഉത്സവ സീസണിന്റെ ഭാഗമായി വാഹനങ്ങൾ സ്വന്തമാക്കുന്നതിനായി വാങ്ങൽ മാറ്റിവെച്ചതിനാലാണെന്നാണ് ഫാഡയുടെ വിലയിരുത്തലുകൾ.

ഓഗസ്റ്റ് മാസത്തെ വാഹന വിപണിയിൽ ഏറ്റവും ശ്രദ്ധേയമായത് എല്ലാ വാഹന വിഭാഗങ്ങളിലും അർബൻ വിപണികളിലേതിനെക്കാൾ അധിക വിൽപ്പന രേഖപ്പെടുത്തിയത് റൂറൽ വിപണികളിൽ ആണെന്നുള്ളതാണ്. അർബൻ വിപണികളിൽ 15.17 ശതമാനം വിൽപ്പന കുതിപ്പാണ് രേഖപ്പെടുത്തിയതെങ്കിൽ റൂറൽ വിപണികളിൽ ഇത് 19.79 ശതമാനത്തിന്റെ കുതിപ്പാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റൂറൽ വിപണിയിലെ പാസഞ്ചർ വാഹന വിൽപ്പന മാത്രം 24.99 ശതമാനം ഉയർന്നിട്ടുണ്ട്.

മോഷണ ശ്രമത്തിനിടെ പ്രതി പിടിയിൽ

തൃശ്ശൂർ: കൊടുങ്ങല്ലൂരിൽ ആളൊഴിഞ്ഞ വീട്ടിൽ മോഷണശ്രമത്തിനിടെ പ്രതി പിടിയിൽ. അന്തർസംസ്ഥാന മോഷ്ടാവ് സ്പൈഡർ സാബു എന്നറിയപ്പെടുന്ന സാബു ആണ് പിടിയിലായത്.

വൻ തീപിടുത്തം

എടമുട്ടം പാലപ്പെട്ടിയിൽ വൻ തീപിടിത്തം ഏരിയൻ ടൂൾസ് ആൻഡ് കോംപോണന്റ്സ് സ്ഥാപനത്തിലാണ് തീപിടിത്തമുണ്ടായത് സ്ഥാപനത്തിലെ ചെറുതും വലുതുമായ 40ഓളം മെഷീനുകളും അനുബന്ധ ഉപകരണങ്ങളും കത്തിനശിച്ചു. ഇന്നലെ അർദ്ധരാത്രിയോടെയാണ് സംഭവം.

നാട്ടിക-ഏങ്ങണ്ടിയൂർ വനിത മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ F(R) 39/96CZ

പി. ഒ.തളിക്കുളം, കൈതക്കൽ, തൃശൂർ ജില്ല

പൊതുയോഗ നോട്ടീസ്

മാന്യ സഹകാരികളേ,

സംഘത്തിന്റെ വാർഷിക പൊതുയോഗം 2026 സെപ്റ്റംബർ 23 ബുധനാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് നാട്ടിക സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ (തൃപ്രയാർ ബസ് സ്റ്റാന്റിന് എതിർവശം) താഴെ പറയുന്ന കാര്യപരിപാടികളോടെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ എല്ലാ 'എ' ക്ലാസ് അംഗങ്ങളും കൃത്യ സമയത്ത് എത്തിച്ചേരുവാൻ അഭ്യർത്ഥിക്കുന്നു.

തളിക്കുളം–കൈതക്കൽ, 05.09.2026 എന്ന്, ഭരണസമിതിക്കു വേണ്ടി (ഒപ്പ്) സെക്രട്ടറി

കാര്യപരിപാടി: 1. പ്രാർത്ഥന 2. സ്വാഗതം 3. അദ്ധ്യക്ഷ പ്രസംഗം, 4. 2025 സെപ്തംബർ 27 ന് കൂടിയ പൊതുയോഗത്തിന്റെ പ്രൊസീഡിംഗ്സ് വായിച്ച് റിക്കാർഡാക്കൽ. 5. 2025–2026 വർഷത്തെ വരവ് ചിലവ് കണക്കുകൾ അംഗീകരിക്കൽ. 6. 2026–2027 വർഷത്തേക്കുള്ള ബജറ്റ് അംഗീകരിക്കൽ. 7. 2024–2025 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കലും ന്യൂനത പരിഹാരം തീർപ്പാക്കലും. 8. ചോദ്യങ്ങൾ. 9. പ്രമേയങ്ങൾ. 10. അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു കാര്യങ്ങൾ. 11. നന്ദി പ്രകടനം.

കുറിപ്പ്: ചോദ്യങ്ങളും പ്രമേയങ്ങളും 17.09.2026 വ്യാഴാഴ്ച ഉച്ചക്ക് 2 മണിക്ക് മുമ്പായി സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. പൊതുയോഗ നോട്ടീസിന്റെ കോപ്പി സംഘം ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

THACHAPPULLY NIDHI LIMITED

Room No:XII/474,Chakkamkandam,
Guruvayur,Thrissur-680522
CIN:U65990KL2021PLN067021
Mob:+91 9946025700
Email:manojthachappully@yahoo.com

Notice is hereby given that the 6th AGM of the members of the Company will be held on wednesday ,the 30thday of September 2026 at 2 p.m. at the Registered office,Members may kindly note that the Financial Statements,Director's Report and Auditor's Report will be available for inspection at the Registered officeof the company during business hours.

Place: Guruvayur
Date: 07/09/2026

പാസ്പോർട്ട് നഷ്ടപ്പെട്ടു

ഞാൻ എറണാകുളം-കൊച്ചി പാസ്പോർട്ട് ഓഫീസിൽ നിന്നും AB-625308 നമ്പറായി ഒരു പാസ്പോർട്ട് വിദേശത്ത് പോകുന്നതിനായി 22-5-2025 വർഷത്തിൽ എടുത്തിരുന്നതാണ്. എന്നാൽ കുറച്ചു ദിവസങ്ങൾക്ക് മുമ്പ് കുറ്റിച്ചിറയിൽ നിന്നും ചാലക്കുടിക്ക് പോകുന്ന യാത്രയിൽ വെച്ച് എന്റെ പാസ്പോർട്ട് നഷ്ടപ്പെട്ടിട്ടുള്ളതാണ്. എന്റെ പാസ്പോർട്ട് കണ്ടുകിട്ടുന്നവർ താഴെ കൊടുത്തിരിക്കുന്ന എന്റെ വിലാസത്തിലോ ഫോൺ നമ്പറിലോ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

വിലാസം:
സുധീഷ്കുമാർ വി ജെ
S/o. ജോസ് വി ഡി.
വടക്കുംമ്പാടൻ വീട്,
കുറ്റിച്ചിറ ദേശം, കുറ്റിച്ചിറ പി ഒ., പിൻ-680724
Contact: 7356179157

MARIGOLD NIDHI LIMITED

CIN: U65999KL2017PLC050874
Registered Address: No. 5, Ward 14,
Valiyaparambil, Kilakkummuri, Thrissur,
Kerala, India, 680571

NOTICE OF ANNUAL GENERAL MEETING

NOTICE is hereby given that the Nineth Annual General Meeting of Marigold Nidhi Limited (**the "Company"**) will be held on **Monday, 28 September, 2026 at 03.00 PM** at registered office of the company at No. 5, Ward 14, Valiyaparambil, Kilakkummuri, Thrissur, Kerala, India, 680571, to transact the following business:

ORDINARY BUSINESS

1. To receive, consider and adopt the audited balance sheet of the Company as at March 31, 2026, and the profit and loss account for the financial year ended March 31, 2026, notes to accounts along with the director's and auditor's report thereon.

2. To appoint a director in place of Gino Poyyara Karunakaran (DIN 02894896) who retires by rotation, and being eligible offers himself for reappointment.

3. To appoint a director in place of Joffy Chittilappilly Thomas (DIN: 03084164), who retires by rotation and being eligible, offers himself for reappointment.

4. To appoint a director in place of Vijayan (DIN: 08044172), who retires by rotation and being eligible, offers himself for reappointment.

5. To appoint M/s G Anoop & Associates, Chartered Accountants, as the statutory auditor of the Company

Note:

Financial Statements of the Company with enclosures can be inspected at the registered office of the Company and the same are affixed in the Notice Board of the Company along with complete Notice of AGM. A member is entitled to vote either in person or through proxy

By and on behalf of the Board of
Marigold Nidhi Limited

S/d
Devadas Poyyara Karunakaran,
Managing Director (DIN: 07255825)

Date: 03 September 2026
Place: Thrissur

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

2026 SEPTEMBER 08 SWATANTRAMANDAPAM Poothole, Thrissur-4

കെ എസ് എസ് പി എ അധ്യാപകദിനം ആചരിച്ചു

ഒല്ലൂർ: കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ ഒല്ലൂർ മണ്ഡലം കമ്മിറ്റി അധ്യാപകദിനം ആചരിച്ചു. 80 പിന്നിട്ട അധ്യാപകരെ ആദരിച്ചു.

സംസ്ഥാന കമ്മിറ്റി അംഗം പ്രൊഫ വി എ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. ഒല്ലൂർ മണ്ഡലം പ്രസിഡണ്ട് എ.എൽ ജോയ് അധ്യക്ഷത വഹിച്ചു. സംസ്ഥാന കൗൺസിൻ മെമ്പർ തോമസ് സ്കറിയ, സി ജെ ത്രേസ്യ, കെ കെ ഗ്രേസി, ജോൺസൺ പി , സെൻമേരിസ് കോൺവെൻറ് മദർ സിസ്റ്റർ ഹംബലിൻ, ഫാത്തിമ കോൺവെൻറ് മദർ സിസ്റ്റർ മരിയ ജോസ്, തുടങ്ങിയവർ പ്രസംഗിച്ചു. സിസ്റ്റർ ടിസില്ല (88), സി. വിവിന(88) സി. ഇസ്ബർഗ്ഗ (84) എന്നിവരെ പൊന്നാട ചാർത്തി മെമെന്റോ നൽകി ആദരിച്ചു.

കെ എസ് എസ് പി എ ഒല്ലൂർ മണ്ഡലം അധ്യാപക ദിനാചരണത്തിന് ഭാഗമായി സംസ്ഥാന കമ്മിറ്റി അംഗം പ്രൊഫ വി എ വർഗ്ഗീസ് അധ്യാപകരെ ഉപഹാരം നൽകി ആദരിക്കുന്നു

അധ്യാപക സംഗമം നടത്തി

തലോർ: തലോർ ഇൻഫന്റ് ജീസസ് ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അധ്യാപക സംഗമം സംഘടിപ്പിച്ചു. സെപ്റ്റംബർ 6-ന് വൈകുന്നേരം 5 മണിക്ക് വിശുദ്ധ കുർബാനയോടെയാണ് സംഗമത്തിന് തുടക്കമായത്.

തൃശൂർ അതിരൂപത കാറ്റക്കിസം കൗൺസിൽ കൺവീനറും സീറോ മലബാർ സഭയുടെ പാഠപുസ്തക സമിതി അംഗവും മാർ ഓസ്തേതിയോസ് കോളേജ് പ്രിൻസിപ്പലുമായ ഡോ. സി. പി. ബാബു ക്ലാസ് നയിച്ചു. "അധ്യാപകരാകുന്നതിലെ മഹത്വം" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ക്ലാസിൽ അധ്യാപകവൃത്തിയുടെ സാമൂഹികവും ധാർമികവുമായ ഉത്തരവാദിത്വങ്ങൾ ചർച്ച ചെയ്തു.

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപകരായി പ്രവർത്തിക്കുന്നവർ, വിരമിച്ച അധ്യാപകർ, ട്യൂഷൻ അധ്യാപകർ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ഏർപ്പെട്ടിരിക്കുന്നവർ, കാറ്റിക്കിസം അധ്യാപകർ തുടങ്ങിയവർ സംഗമത്തിൽ പങ്കെടുത്തു. 75 അധ്യാപകർ സംഗമത്തിൽ പങ്കെടുക്കുകയും തങ്ങളുടെ അധ്യാപനാനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു.

ഇടവക വികാരി ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ, സഹവികാരി ഫാ. ക്ലിന്റ് പാണേങ്ങാടൻ, കൈക്കാരന്മാർ, ജൂബിലി ആഘോഷ കമ്മിറ്റി കൺവീനർ ശ്രീ. റിഫിൻ കുന്നത്ത്, പ്രോഗ്രാം കൺവീനർമാരായ പ്രൊഫ്. ഡോ. ചാക്കോ വി. എം., അഡ്വ. ഷെൽബി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി യുവജന സംഗമം, സമർപ്പിതരുടെ സംഗമം തുടങ്ങിയ നിരവധി പരിപാടികൾ വരും ദിവസങ്ങളിൽ നടക്കും.

മണ്ണാത്തിക്കുളം റസിഡന്റ്സ് അസോസിയേഷൻ ഓണാഘോഷം - കുടുംബ സംഗമം നടത്തി

ഇരിങ്ങാലക്കുട : മണ്ണാത്തിക്കുളം റോഡ് റസിഡന്റ്സ് അസോസിയേഷൻ ഓണാഘോഷം - കുടുംബ സംഗമം അണിമംഗലത്ത് സാവിത്രി അന്തർജനം ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് നന്ദൻ അമ്പാടി അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ സ്മിത കൃഷ്ണകുമാർ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി എ.സി. സുരേഷ്, എം. ശിവശങ്കര മേനോൻ, എ.സി. രമാദേവി, ജയന്തി വേണുഗോപാലൻ, അജിത തങ്കപ്പൻ, ദുർഗ്ഗ ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു. ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു. കൈകൊട്ടിക്കളി, വിവിധ കല - കായിക പരിപാടികൾ നടന്നു.

COURT NOTICE
BEFORE THE HONOURABLE MACT COURT IRINJALAKKUDA

OP (MV): 1627/2022

IA: 3/2023

National Insurance Co. Ltd., Thrissur

-Petitiner/3rd respondent

1. Sajil, S/o. Satheesh, Nediyedath House, Chavakkad Desom & P.O., Thrissur Dist-680506

-2nd Respondent No.1

The Respondent aforesaid, Whereas The above petitioner/R3 has filed the said petition I.A.No.3/2023 for producing Registration certificate against you and the petition is posted for hearing to the 24th day of October 2026 at 11.00 A.M, before this Tribunal, you are hereby ordered to appear either in person or through pleader, failing to which the said petition will be heard and decided ex-parte.

Dated this the 5th September 2026

Adv. J.Zeenathunissa
(Sd/-)
Council for the Petitioner/R3

വൃക്കരോഗികൾക്ക് കൈത്താങ്ങായി കൺസോൾ; ഡയാലിസിസ് സഹായം നൽകി കാരുണ്യത്തിന്റെ കരുതൽ

ചാവക്കാട്: വൃക്കരോഗം മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകി, ഡയാലിസിസ് ചികിത്സയ്ക്കായി സഹായഹസ്തവുമായി കൺസോൾ മെഡിക്കൽ ചാരിറ്റബിൾ ട്രസ്റ്റ്. വൃക്കരോഗികളെ ചേർത്തുപിടിച്ച് അവരുടെ ചികിത്സാ ഭാരത്തിൽ പങ്കുചേരുന്ന കൺസോളിന്റെ കാരുണ്യ പ്രവർത്തനങ്ങളെ പ്രകീർത്തിച്ച് യൂണൈറ്റഡ് നാഷൻസ് അവാർഡ് ജേതാവ് വർഗീസ് തരകൻ സംസാരിച്ചു.

കഴിഞ്ഞ പതിനാറ് വർഷമായി ചാവക്കാട് താലൂക്ക് കേന്ദ്രീകരിച്ച് വിവിധ മേഖലകളിൽ കാരുണ്യ പ്രവർത്തനങ്ങൾ നടത്തി വരുന്ന കൺസോളിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിന് വലിയ ആശ്വാസമാണെന്ന് ഉദ്ഘാടകനായ വർഗീസ് തരകൻ പറഞ്ഞു.

വൃക്കരോഗികളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ, കൂടുതൽ രോഗികൾക്ക് സഹായമെത്തിക്കുന്നതിനായി കൺസോളിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്ന് പ്രസിഡന്റ് ആർ.വി. കമറുദ്ദീൻ ആഹ്വാനം ചെയ്തു.

ജനറൽ സെക്രട്ടറി എം. കെ. നൗഷാദ് അലി സ്വാഗത പ്രസംഗത്തിൽ കൺസോൾ നടപ്പിലാക്കിവരുന്ന വിവിധ കാരുണ്യ പദ്ധതികളും സേവന പ്രവർത്തനങ്ങളും വിശദീകരിച്ചു.

ട്രസ്റ്റിമാരായ അഡ്വ. സുജിത് അയിനിപ്പുള്ളി, പി.വി. അബ്ദു മാസ്റ്റർ എന്നിവർ രോഗികൾക്കും കുടുംബാംഗങ്ങൾക്കും സാന്ത്വനമേകുന്ന സന്ദേശങ്ങൾ നൽകി.

ട്രസ്റ്റിമാരായ ജമാൽ താമരത്ത്, പി.എം. അബ്ദുൾ ഹബീബ്, വി. കാസിം, സി.കെ. ഹക്കിം ഇമ്പാർക് എന്നിവരും ട്രസ്റ്റ് സ്റ്റാഫ് അംഗങ്ങളായ ഫബിജ, സൈനബ, സൗജത്* എന്നിവരും പരിപാടികൾക്ക് നേതൃത്വം നൽകി.

ട്രഷറർ കെ. ഷംസുദ്ദീൻ നന്ദി രേഖപ്പെടുത്തി.

ജില്ലാ ഗുസ്തി മത്സരങ്ങൾക്ക് ആനന്ദപുരത്ത് തുടക്കമായി

ഇരിങ്ങാലക്കുട: തൃശൂർ ജില്ലാ ഗുസ്തി മത്സരം ആനന്ദപുരം സെന്റ് ജോസഫ്സ് പബ്ലിക് സ്കൂളിൽ ആരംഭിച്ചു. അഡ്വ. തോമസ് ഉണ്ണിയാടൻ എം എൽ എ ഉദ്ഘാടനം ചെയ്തു. മുരിയാട് പഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ അധ്യക്ഷത വഹിച്ചു. സി എം സി ഉദയ പ്രൊവിൻസ് പ്രൊവിൻഷ്യാൽ സുപ്പീരിയർ സിസ്റ്റർ ധന്യ, പ്രിൻസിപ്പൽ റവ. ഡോ. ലെയ, ജില്ലാ ഒളിമ്പിക് വൈസ് പ്രസിഡന്റ് കെ.ജോയ് വർഗീസ്, പഞ്ചായത്തംഗം എ.എം. ജോൺസൺ, പി ടി എ പ്രസിഡന്റ് കെ.എൽ. ജോബി, ജില്ലാ ഗുസ്തി അസോസിയേഷൻ സെക്രട്ടറി പി.ജി. ബബിൽനാഥ്, സ്റ്റെബിൻ ജോസഫ്, വിബിൻ വെള്ളയത്ത്, വൈസ് പ്രിൻസിപ്പൽ സുമിത പ്രസാദ് എന്നിവർ പ്രസംഗിച്ചു.

ബൈക്കുകൾ കൂട്ടിയിടിച്ച് അപകടം : 3 പേർക്ക് പരിക്ക്

കുന്നംകുളം: അഞ്ഞൂർ കമ്പനിപ്പടിയിൽ ബൈക്കുകൾ കൂട്ടിയിടിച്ച് അപകടം : മൂന്ന് പേർക്ക് പരിക്കേറ്റു. ഇന്നലെ അർദ്ധരാത്രിയാണ് അപകടം ഉണ്ടായത്. പരിക്കേറ്റ ചാട്ടുകുളം പന്തല്ലൂർ വീട്ടിൽ രഞ്ജിത്ത് (27), വെള്ളറക്കാട് കല്ലായിൽ വീട്ടിൽ ശ്രീരാഗ് (27), എടക്കര കൊലയിൽ വീട്ടിൽ അബു താഹിർ (30) എന്നിവരെ വടക്കേക്കാട് യൂത്ത് വോയ്സ് ആംബുലൻസ് പ്രവർത്തകർ കുന്നംകുളം മലങ്കര ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കാട്ടുപന്നികളുടെ ശല്യം രൂക്ഷം

കുന്നംകുളം: ചൂണ്ടൽ പഞ്ചായത്തിലെ പയ്യൂർക്കാവ് പ്രദേശത്ത് കാട്ടുപന്നികളുടെ ശല്യം രൂക്ഷമാകുന്നു. വാർഡ് 19, 20 എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന പ്രദേശത്ത് ഇരുട്ടായാൽ കൂട്ടത്തോടെയാണ് കാട്ടുപന്നികൾ റോഡിലിറങ്ങുന്നത്.

സ്കൂൾ കുട്ടികളും ജോലിക്ക് പോകുന്നവരും ഉൾപ്പെടെ നിരവധി പേർ സഞ്ചരിക്കുന്ന റോഡിൽ ഇന്നലെ രാത്രിയും കാട്ടുപന്നിക്കൂട്ടത്തെ കണ്ടു. കാട്ടുപന്നികൾ വാഹനങ്ങൾക്ക് നേരെ പാഞ്ഞടുക്കാൻ സാധ്യതയുള്ളതിനാൽ അപകടഭീതിയിലാണ് നാട്ടുകാർ.

വിഷയത്തിൽ 19-ാം വാർഡ് മെമ്പർ അനീഷ് ആന്റണി, 20-ാം വാർഡ് മെമ്പർ ജിഷ സുനിൽകുമാർ എന്നിവരും പഞ്ചായത്ത് ഭരണസമിതിയും അടിയന്തരമായി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

വലപ്പാട് സെന്റർ റസിഡന്റ്സ് അസോസിയേഷന്റെ ഓണാഘോഷം

വലപ്പാട് സെന്റർ റസിഡന്റ്സ് അസ്സോസിയേഷൻ (VCRA)
ഓണാഘോഷം

വലപ്പാട്: സെന്റർ റസിഡന്റ്സ് അസോസിയേഷന്റെ ഓണാഘോഷം എങ്ങൂർ ക്ഷേത്ര ഹാളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ.മോഹനൻ മാഷ് ഉദ്ഘാടനം ചെയ്തു. ഒറ്റപ്പെട്ട് കഴിയുന്ന കുടുംബങ്ങളുടെ താങ്ങും തണലുമായി കഴിയുന്നവർക്ക് ഒരു നേതൃത്വം നൽകാൻ കുടുബ സമ്മേളനങ്ങൾക്ക് കഴിയുമെന്ന് അഭിപ്രായപ്പെട്ടു. വി.സി.ആർ എ പ്രസിഡന്റ് ജോസ് താടിക്കാരൻ അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് അംഗം നസീമ ബഷീർ മുഖ്യപ്രഭാഷണം നടത്തി. സി.ആർ.ഗണേഷ് മാഷ്, മേരി ടീച്ചർ, കെ.ഗോവിന്ദൻ മാഷ്, പ്രിൻസി ജോൺസൻ, ജോൺസ് ചാലിശ്ശേരി എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. കെ.ഗോവിന്ദൻ മാസ്റ്റർ സമ്മാന വിതരണം നിർവ്വഹിച്ചു.

യോഗാചാര്യൻ ടി.എസ്.ബാബു മാസ്റ്ററെ ആദരിച്ചു

ചൊവ്വന്നൂർ: സന്മനസ്സ് കരുണാലയം ആശ്വാസഭവനിൽ സംഘടിപ്പിച്ച 'കാരുണ്യ സ്പന്ദനം' ചടങ്ങിൽ കരാട്ടെ, യോഗ എന്നീ മേഖലകളിൽ മികവ് തെളിയിച്ച യോഗാചാര്യൻ ടി.എസ്.ബാബു മാസ്റ്ററെ സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം ആദരിച്ചു. സന്മനസ്സ് പ്രസിഡന്റ് കെ.കെ. സൈഫുദ്ദീൻ, സെക്രട്ടറി അബു താഹിർ എന്നിവർ സമീപം.

വസ്ത്ര വ്യാപാര രംഗത്ത് പുത്തൻചുവടുമായി സൂര്യഭാരതി ഗ്രൂപ്പിന്റെ എം കെ ഗാർമെൻറ്സ്

ചേർപ്പ് : സൂര്യഭാരതി ഗ്രൂപ്പിന്റെ മറ്റൊരു പൊൻതൂവൽ. വസ്ത്ര വ്യാപാര രംഗത്ത് യുവതി യുവാക്കൾക്ക് പുതിയ ഒരു ട്രെൻഡുമായി ചേർപ്പ് സെൻററിൽ അതിവിശാലമായ വസ്ത്ര ശേഖരം ഒരുക്കി സൂര്യ ഭാരതി ഗ്രൂപ്പിന്റെ എം കെ ഗാർമെന്റ്സ് നാടിന് സമർപ്പിച്ചു.

സൂര്യ ഭാരതി ഗ്രൂപ്പ് ചെയർമാൻ കെ.പി. മനോജ് കുമാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. അദ്യ വിൽപ്പന അനിൽ പെറ്റാക്കാട്ട് നിർവ്വഹിച്ചു. ബൈജു കലാടി, രതിഷ്, പി. സന്തോഷ് കുമാർ, കെ വി മധു, ചിന്തു സതീശൻ, ബാലൻ കണിമംഗലത്ത്, ബിജു ആട്ടോർ, സി.വി പ്രേമകുമാർ, കെ. കേശവദാസ്, താര അതിയേടത്ത്, പി.വി. സജിവ്, രഞ്ജിത്ത്ലാൽ, അനിൽ കുമാർ, എം.കെ. നാസർ, മനാഫ് എന്നിവർ പ്രസംഗിച്ചു,

ഉദ്ഘാടനം പ്രമാണിച്ച് എല്ലാ തുണി തരങ്ങൾക്കും 50% ഡിസ്കൗണ്ടും കസ്റ്റമേഴ്സിനെ നൽകിയിരുന്നു.

മാറ്റി നല്കിയ ടി വിക്കും തകരാർ, വീട്ടമ്മക്ക്, സോണി കമ്പനിക്കെതിരെ വിധി; വില 22900 രൂപയും നഷ്ടം 10000 രൂപയും ചിലവ് 10000 രൂപയും നൽകുവാൻ വിധി

തൃശൂർ: മാറ്റി നൽകിയ ടി വി ക്കും തകരാർ സംഭവിച്ചതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ വീട്ടമ്മക്ക് അനുകൂല വിധി. തൃശൂർ കിഴക്കേകോട്ടയിലുള്ള കണ്ണമ്പുഴ വീട്ടിൽ അനിത.പി.കെ. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ ചിയ്യാരത്തുള്ള സോണി ഓഥറൈസ്ഡ് സർവ്വീസ് സെൻററിലെ മാനേജർക്കെതിരെയും കൊച്ചിയിലെ സോണി ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെയും ഇപ്രകാരം വിധിയായതു്. അനിത 22900 രൂപ നൽകിയാണ് സോണി ടിവി വാങ്ങിയത്.

ഫിറ്റ് ചെയ്യുവാൻ കൊണ്ടുവന്നപ്പോൾ ടി വി യിൽ ചിന്നൽ കാണുകയും തുടർന്ന് ടി വി മാറ്റി നൽകുകയുണ്ടായിട്ടുള്ളതുമാകുന്നു. മാറ്റി നൽകിയ ടി വി യും പ്രവർത്തനരഹിതമായിട്ടുള്ളതാകുന്നു.പരാതിപ്പെട്ടപ്പോൾ ടി വി കൊണ്ടുപോവുകയും റിപ്പയറിങ്ങിന് 12000 രൂപ ആവശ്യപ്പെടുകയുമായിരുന്നു.പണം നൽകുവാൻ അനിത തയ്യാറാകാതിരുന്നതിനെത്തുടർന്ന് ടി വി തകരാർ പരിഹരിക്കാതെ മടക്കി നൽകുകയായിരുന്നു.

തുടർന്ന് അനിത ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്. കോടതി നിയോഗിച്ച വിദഗ്ദ കമ്മീഷണർ പരിശോധന നടത്തി തകരാറുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാകുന്നു. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് ടി വി യുടെ വിലയായ 22900 രൂപയും നഷ്ടപരിഹാരമായി 10000 രൂപയും ചിലവിലേക്ക് 10000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരിക്ക് വേണ്ടി അഡ്വ. ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

'തിരഞ്ഞെടുപ്പിൽ തോറ്റതിനോ ഈ അരിശം തീർക്കൽ? ബംഗാളിലെ അവസ്ഥവരും'; സി.പി.എമ്മിനെതിരെ കാന്തപുരം വിഭാഗം

കോഴിക്കോട്: കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ സ്ത്രീകളെ സംബന്ധിച്ച് നടത്തിയ പ്രസ്താവനയിൽ സി.പി.എം. നേതാക്കൾ നടത്തിയ രൂക്ഷവിമർശനത്തിനെതിരേ എ.പി. വിഭാഗം സമസ്ത. തിരഞ്ഞെടുപ്പിൽ തോറ്റതിന്റെ ദേഷ്യവും പ്രതികാരവും തീർക്കാനാണോ കാന്തപുരത്തിനെതിരേ രംഗത്തുവന്നതെന്ന് സംഘടനാ പ്രസിദ്ധീകരണമായ സിറാജ് ദിനപത്രത്തിലെ ലേഖനത്തിൽ ചോദിക്കുന്നു. എസ്.വൈ.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി റഹ്മത്തുള്ള സഖാഫി എഴുതിയ ലേഖനത്തിലാണ് സി.പി. എമ്മിനെതിരേ രൂക്ഷവിമർശനമുള്ളത്.

കഴിഞ്ഞ പത്തുവർഷമായി സി.പി.എം. സ്വീകരിച്ചുപോരുന്നതിൽനിന്ന് വ്യത്യസ്തമായി അന്ധമായ വിമർശനമാണ് ഈ വിഷയത്തിൽ നേതാക്കളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതെന്നും ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. തിരഞ്ഞെടുപ്പിൽ ന്യൂനപക്ഷ വോട്ടുകൾ കൈവിട്ടുപോയെന്ന വിലയിരുത്തലുകൾക്കിടയിലാണ് ഇത്തരമൊരു അരിശംതീർക്കലെന്നും ലേഖനത്തിൽ പറയുന്നു.

പോരായ്മകൾ തിരുത്തി ചികിത്സിച്ചില്ലെങ്കിൽ ബംഗാളിൽ സംഭവിച്ചതുപോലെ കേരളത്തിലും സി.പി.എമ്മിന് സംഭവിക്കുമെന്നും ലേഖനത്തിൽ മുന്നറിയിപ്പ് നൽകുന്നു. ഇടതുപക്ഷം കേരളത്തിൽ നിലനിൽക്കണമെന്നാണ് മറ്റുപലരേയും പോലെ സുന്നി വിഭാഗവും ആഗ്രഹിക്കുന്നത്. എന്നാൽ, കാര്യങ്ങൾ വിരുദ്ധമായ രീതിയിലാണ് മുന്നോട്ടുപോകുന്നതെന്നും ലേഖനത്തിലുണ്ട്.

ലേഖനത്തിന്റെ ആദ്യഭാഗത്ത് കാന്തപുരം സ്ത്രീവിരുദ്ധനല്ലെന്ന് സ്ഥാപിക്കാൻ അവരുടെ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തവും പെൺകുട്ടികളുടെ വിദ്യാഭ്യാസവും എടുത്തുപറയുന്നുമുണ്ട്.

കാന്തപുരത്തിന്റേത് സ്ത്രീവിരുദ്ധ പ്രസ്താവനയാണെന്ന് ആരോപിച്ച് സി.പി.എം. നേതാക്കളായ കെ.കെ. ശൈലജ, പി.കെ. ശ്രീമതി എന്നിവരും പിന്നീട് സി.പി.എം. ജനറൽ സെക്രട്ടറി എം.എ. ബേബി, സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, എ.എൻ. ഷംസീർ ഉൾപ്പെടെയുള്ള നേതാക്കളും വിമർശനമുന്നയിച്ചിരുന്നു.

തിരഞ്ഞെടുപ്പ് നേരിടുന്നതിൽ, സി.പി.എമ്മിന്റെ നേതൃത്വം പിണറായിയിലേക്ക് മാത്രം ചുരുങ്ങിയതും അധികാരം കേന്ദ്രീകരിക്കപ്പെട്ടതുമുൾപ്പെടെയുള്ള പൊതുവായ വിമർശനങ്ങളും ലേഖനം മുന്നോട്ടുവയ്ക്കുന്നു.

കേരള കോൺഗ്രസ് ഓണാരവം നടത്തി

ഇരിങ്ങാലക്കുട: കേരള കോൺഗ്രസ് സഹൃദ കൂട്ടായ്മയുടെ ഓണാരവം ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ എം എൽ എ ഉദ്ഘാടനം ചെയ്തു. നിയോജകമണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, സംസ്ഥാന സ്റ്റീയറിങ് കമ്മിറ്റിയംഗം ജോയ് എടാട്ടുക്കാരൻ, ജില്ലാ സെക്രട്ടറിമാരായ സേതുമാധവൻ പറയംവളപ്പിൽ, പി.ടി. ജോർജ്, സിജോയ് തോമസ്, ജോൺ മുണ്ടന്മാണി, വിൽസൺ മേച്ചേരി, ലിജോ നാട്ടിക, ഷാജി തോമസ് ചേലക്കര, കെ.സി. പീറ്റർ പുതുക്കാട്, തോമസ് കൈപ്പമംഗലം, വിനോദ് പൂങ്കുന്നം, പീറ്റർ പാറേക്കാട്ട്, ഡേവിസ് പാറേക്കാട്ട്, ഉണ്ണി വിയ്യൂർ, വി.എ. ജ്യോതിഷ്, സജി റാഫേൽ, കെ.സതീഷ്, കൗൺസിലർ മാഗി വിൻസെന്റ് എന്നിവർ പ്രസംഗിച്ചു.



വടക്കാഞ്ചേരി കരുമത്ര ആരോഗ്യ മാതാ പള്ളിയിൽ വേളാങ്കണ്ണി മാതാവിന്റെ തിരുനാളിന്റെ ഭാഗമായി ദേവാലയം ദീപപ്രഭയിൽ

കഞ്ചാവ് കണ്ടെത്തി

തൃശ്ശൂർ: കൊടകരയിൽ ആളൊഴിഞ്ഞ സ്വകാര്യ വ്യക്തിയുടെ പറമ്പിൽ ഒളിപ്പിച്ച് വെച്ച നിലയിൽ കഞ്ചാവ് ശേഖരം കണ്ടെത്തി. അഞ്ച് കിലോയോളം വരുന്ന കഞ്ചാവ് ഇരിങ്ങാലക്കുട എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തു.

അമലയിൽ സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റി സെൻറ് ചാവറ കോൺഫറൻസ് ആരംഭിച്ചു

അമലനഗർ: അമല മെഡിക്കൽ കോളേജിൽ ആരംഭിച്ച വിൻസെന്റ്ഡി പോൾ സൊസൈറ്റി സെന്റ് ചാവറ കോൺഫറൻസിന്റെ ഉത്ഘാടനവും ലോഗോ, ബാർകോഡ് പ്രകാശനവും ഫെൻസൻ പീറ്റർ നൽകിയ സൗജന്യ ഡയാലിസിസ് മെഷീന്റെ സ്വിച്ച് ഓൺ കർമ്മവും ചാലക്കുടി എം.എൽ.എ സനീഷ് കുമാർ ജോസഫ് നിർവഹിച്ചു.

അമല ഡയറക്ടർ ഫാ. ജൂലിയസ് അറക്കൽ സി.എം.ഐ., ജോയിൻറ് ഡയറക്ടർ ഫാ. ഷിബു പുത്തൻ പുരക്കൽ സി. എം.ഐ., സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ. കെ.കെ.പോൾസൺ , ഏരിയ കൗൺസിൽ പ്രസിഡൻറ് ബ്രദർ. പി.എൽ. ഫ്രാൻസിസ്, സെൻറ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സെൻറ്.ചാവറ കോൺഫറൻസ് പ്രസിഡൻറ് ബോർജിയോ ലൂയിസ് എന്നിവർ പ്രസംഗിച്ചു.

ഡയാലിസിസ് മെഷീന്റെ ആശീർവാദകർമ്മം അമല നഗർ സെൻറ്.ജോസഫ് പള്ളിവികാരി ഫാ.വർഗീസ് കരിപ്പേരി നടത്തി.

52 ഡയാലിസിസ് രോഗികൾക്കുള്ള സൗജന്യ കൂപ്പണുകളും ചടങ്ങിൽ വിതരണം ചെയ്തു. ഇതാദ്യമായാണ് ഒരു ആതുരാലയത്തിൽ സെന്റ് വിൻസെന്റ്ഡി പോൾ സൊസൈറ്റി ആരംഭിക്കുന്നത്.

കോടതി പരസ്യം

ബഹു. തൃശൂർ ഫാലിമി കോടതി മുമ്പാകെ

OP. 531/2025

അനന്യ, 23 വയസ്സ്, D/o ഉദയൻ, ദ്വാരക നിവാസ്, പി. ഒ. പെരുമ്പിലാവ്-680519, കരിക്കാട് വില്ലേജ് കുന്ദംകുളം താലൂക്ക്, C/o ബിജു, നാഴിയത്ത് ഹൗസ്, പി. ഒ. മരത്താക്കര-680306 തൃശ്ശൂർ താലൂക്ക്, പടവരാട്, ഒല്ലൂർ വില്ലേജ്, തൃശ്ശൂർ താലൂക്ക്

-ഹർജിക്കാരി

1. അർജുൻ ഉണ്ണികൃഷ്ണൻ, ഉദ്ദേശം 29 വയസ്സ്, S/o ഉണ്ണികൃഷ്ണൻ, ആളൂർ ഹൗസ്, പി. ഒ. കുറുംമ്പത്തൂർ പുത്തനത്താണി, ആതവനാട്, കുറുമ്പത്തൂർ വില്ലേജ്, തിരൂർ താലൂക്ക്, പിൻ 676 301

-1-ാം എതൃകക്ഷി

പരസ്യം

മേൽ നമ്പറിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കല്പന വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **6-10-2026** തിയതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം നിങ്ങൾ നേരിട്ടോ വക്കീൽ മുഖേനയോ രാവിലെ 11 മണിക്ക് ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി മേൽ നമ്പർ കേസ് വിധിയാകുമെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 7-9-2026
ഹരജിഭാഗം അഡ്വക്കേറ്റ്
സ്മിത പി.സി. (ഒപ്പ്)

കെ എസ് എസ് പി എ കൂർക്കഞ്ചേരി മണ്ഡലം അധ്യാപക ദിനം ആചരിച്ചു

കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ കൂർക്കഞ്ചേരി മണ്ഡലം കമ്മിറ്റി അധ്യാപകദിനം ആചരിച്ചു.

സംസ്ഥാന കമ്മിറ്റി അംഗം പ്രൊഫ വി എ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. കൂർക്കഞ്ചേരി

മണ്ഡലം പ്രസിഡൻറ് സി ഐ ആൻറണി അധ്യക്ഷത വഹിച്ചു .സംസ്ഥാന കൗൺസിലർ പി ആർ സത്യനാഥൻ, കെ. എം. സിദ്ധാർത്ഥൻ മാസ്റ്റർ , ജോയ് എ എൽ , സി.ജെ ത്രേസ്യ, കെ കെ ഗ്രേസി, ജെസ്സി ചിറ്റിലപ്പിള്ളി , ജോൺസൻ പി , എ എൽ.ജോയ്, മദർ സിസ്റ്റർ കരോളിൻ എന്നിവർ പ്രസംഗിച്ചു. സി. എ അന്നം (88), സിസ്റ്റർ ലൂസിയ.സി.സി (85), സിസ്റ്റർ അന്നം ടി. എ.(80) എന്നിവരെ പൊന്നാട ചാർത്തി മെമെന്റോ നല്കി ആദരിച്ചു .

കെ എസ് എസ് പി എ കൂർക്കഞ്ചേരി മണ്ഡലം കമ്മിറ്റിയുടെ അധ്യാപക ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന കമ്മിറ്റി അംഗം പ്രൊഫ വി എ വർഗ്ഗീസ് സി എ അന്നം ടീച്ചർക്ക് മെമെന്റോ നൽകുന്നു